# സ്ക്വാഡ് പ്രവർത്തനങ്ങളുമായി തെക്കൻ കേരളത്തിലേക്ക്

ടി.കെ ആലുവ

തയാറാക്കിയത്: റഷാദ് ആലുവ



കേരളാ ജമാഅത്തെ ഇസ്‌ലാമിക്ക് അടിത്തറപാകിയ ഹാജി മുഹമ്മദലി സാഹിബിന്റെ നേതൃത്വത്തിൽ നടന്ന അവസാന സമ്മേളനമെന്ന നിലക്ക് ശ്രദ്ധേയമായിരുന്നു 1957ൽ ആലുവയിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സമ്മേളനം. പ്രസ്ഥാനത്തിന് കൂടുതൽ സ്വാധീനമുള്ള മലബാർ മേഖലയിൽനിന്നകന്ന് ഏറെ ദൂരെ സമ്മേളനം നടത്തിയിട്ടും 1955ൽ മലപ്പുറം സമ്മേളനത്തിൽ പങ്കെടുത്തതിന്റെ ഇരട്ടിയോളം ആളുകൾ ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

**ആലുവ** ഹംദർദ് ഹൽഖയുടെ വാരാന്ത്യ യോഗത്തിൽ വെച്ച് പ്രസ്ഥാനത്തിന്റെ വ്യാപനത്തിനുവേണ്ടി പള്ളിക്കരയിലേക്ക് സ്ക്വാഡ് പോകാൻ തീരുമാനിച്ചു. അടുത്ത ദിവസം തന്നെ ഞാനും കെ.ബി. ഹൈദ്രോസും കെ.കെ. ഹസൈനാരും എം.എസ്. മുഹമ്മദും കൂടി പള്ളിക്കരയിലേക്ക് സ്ക്വാഡുപോയി. ശിർക്കു ബിദ്അത്തുകളും ചന്ദനക്കുടവുമെല്ലാം മുറതെറ്റാതെ നടന്നുവന്നിരുന്ന ഒരു പ്രദേശമായിരുന്നു പള്ളിക്കര. അതിനാൽത്തന്നെ ശിർക്കു ബിദ്അത്തുകൾക്കെതിരെ ശബ്ദമുയർത്തി. പുരോഗമനാശയങ്ങളുമായി മുന്നോട്ടുപോകുന്ന ഒരു സംഘവും അവിടെ ഉണ്ടായിരുന്നു. ഇവരെ ലക്ഷ്യം വെച്ചാണ് ഞങ്ങൾ യാത്രതിരിച്ചത്. സംഘബലമില്ലാതിരുന്ന അവർക്ക് ഞങ്ങളുടെ സന്ദർശനം തുണയായി. അതിലൂടെ ധാരാളം ആളുകൾ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു. അവരിൽ പ്രമുഖരായിരുന്നു പള്ളിക്കരയിലെ മുഹമ്മദ് സാഹിബും സെയ്ദ് മുഹമ്മദ് സാഹിബും. ആ സ്ക്വാഡിലൂടെയാണ് പള്ളിക്കരയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ശബ്ദമെത്തുന്നത്.

### യാത്ര

ആലുവ, കൊച്ചി സംയുക്ത ഹർഖാ യോഗത്തിൽ വെച്ച് പ്രസ്ഥാനത്തിന്റെ ശബ്ദമെത്താത്ത തെക്കൻമേഖ


ലയിലേക്ക് സാഹിത്യപ്രചാരണത്തിനു പോകാൻ തീരുമാനിച്ചു. എന്നെയാണ് ആ ദൗത്യത്തിനായി നിയോഗിച്ചത്. അടുത്ത ദിവസം തന്നെ ഒരു ബുഷ്കോട്ടും ധരിച്ച് പള്ളുരുത്തി ഹാജി ഒരുക്കിത്തന്ന ഇരുമ്പുപെട്ടിയിൽ (തകരപ്പെട്ടി) അന്ന് നിലവിലുള്ള സാഹിത്യങ്ങളും (*ഖുതുബാത്ത്*, *ഇസ്‌ലാംമതം*, *രക്ഷാസരണി*, *ഇസ്‌ലാമും ജാഹിലിയ്യത്തും*) നിറച്ച് യാത്രതിരിച്ചു.

**ആലപ്പുഴയിൽ**

ആലപ്പുഴയിലാണ് ആദ്യം എത്തിയത്. അവിടെ ഡോക്ടർ മദനി എന്നൊരാൾ മതപ്രസംഗപരമ്പര നടത്തുന്നുണ്ടായിരുന്നു. നേരെ അദ്ദേഹത്തെ ചെന്നു കണ്ടു. അദ്ദേഹം മൗദൂദിയുടെ ഉറുദുസാഹിത്യങ്ങൾ വായിച്ചിട്ടുണ്ടെന്നും അതാണ് പ്രസംഗത്തിന്റെ മുഖ്യ അവലംബം എന്നും പറഞ്ഞു. അദ്ദേഹം പുസ്തകങ്ങൾ പരിശോധിച്ചു അതിൽനിന്ന് *ഖുതുബാത്ത്* വാങ്ങി. ആലപ്പുഴയിലെ കമ്യൂണിസ്റ്റു നേതാവായ മുഹമ്മദ് യൂസുഫ്, മദ്റസാ അധ്യാപകൻ ത്വയ്യിബ്, അദ്ദേഹത്തിന്റെ സഹോദരങ്ങൾ എന്നിവരുമായി ബന്ധപ്പെട്ടു. ജമാഅത്ത് പ്രവർത്തനത്തിനുപറ്റിയ മേഖലയാണിതെന്നും പ്രവർത്തിക്കണമെന്നും അവരെ ഉപദേശിച്ചു. ആലപ്പുഴയിലെ മദ്റസത്തുൽ മുഹമ്മദീയ്യയിലേക്കാണ് പിന്നെ പോയത്. തിരുവിതാംകൂറിൽ അൽപ്പം പുരോഗമനാശയങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്ന മദ്റസയായിരുന്നു അത്. അവിടുത്തെ സ്വദ്റായിരുന്ന വി.കെ. മൗലവിയുമായി സംസാരിച്ചു. അദ്ദേഹം എല്ലാവിധ പ്രോത്സാഹനവും നൽകി. പിന്നീട് നീർക്കുന്നത്തെ അൽ അഹ്റാർ ലൈബ്രറിയിൽ മണിക്കൂറുകളോളം കാത്തുനിന്ന് ഒരു ഖുതുബാത്ത് വിറ്റു. പ്രസ്ഥാനത്തെ കേട്ട ഒരാളും അവിടെ ഇല്ലായിരുന്നു. പിന്നെ ഹരിപ്പാട്ടേക്കു നീങ്ങി. അവിടെ ഒരു തൈക്കാവിൽ താമസിച്ച് ആളുകളുമായി സംസാരിച്ചു.

ആ കാലത്ത് തെക്കൻ പ്രദേശങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് അധികമാരും കേട്ടിട്ടില്ല. എന്നാൽ മൗദൂദി സാഹിബിനെ പരക്കെ അറിയാമായിരുന്നു. മുസ്‌ലിയാക്കന്മാരുടെ മതപ്രസംഗങ്ങളിലൂടെയാണ് അവർ മൗദൂദിയെ പരിചയപ്പെട്ടത്. ലാഹോറിലെ ദജ്ജാൽ, പുത്തൻനബി തുടങ്ങിയ പരിഹാസ ശകാരങ്ങളോടെയാണ് മൗദൂദി സാഹിബിനെ പരിചയപ്പെടുത്തിക്കൊണ്ടിരുന്നത്. ഇക്കാരണത്താൽതന്നെ മൗദൂദി കൃതികളായ *ഖുതുബാത്ത്*, *ഇസ്‌ലാംമതം*, *രക്ഷാസ*

## പള്ളുരുത്തി ഹാജി



**പ്രതിസന്ധി** ഘട്ടങ്ങളിൽ പ്രസ്ഥാനത്തെ സാമ്പത്തികമായും ശാരീരകമായും സഹായിച്ച അപൂർവ വ്യക്തിത്വങ്ങളിലൊരാളായിരുന്നു പള്ളുരുത്തി ഹാജി എന്നറിയപ്പെടുന്ന കെ.ഇ. അഹ്മദ് കുട്ടി ഹാജി. കേരളാ ജമാഅത്തിന്റെ വളർച്ചയിൽ നിർണായക പങ്കുവഹിച്ച *പ്രബോധനം* പ്രസ്സ് പള്ളുരുത്തിഹാജിയുടെ സംഭാവനയാണ്. പ്രസ്തുത സംഭവം മൊയ്തുമൗലവിയുടെ ഓർമക്കുറിപ്പിൽ ഇപ്രകാരം വായിക്കാം:

*പ്രബോധനം പ്രതിപക്ഷ പത്രം പലപ്രയാസങ്ങളും നേരിട്ടുകൊണ്ടിരുന്നു. സ്വന്തമായി ഒരു പ്രസ്സില്ലാത്തതായിരുന്നു ഏറ്റവും വലിയ പ്രശ്നം. 1952ൽ ജപ്പാനിൽ നിന്ന് ഒരു പ്രസ്സ് വരുത്താനുള്ള സാധ്യതകളും അതിനു ചെലവാക്കേണ്ട തുകയും അത് ലാഭകരമായി നടത്താൻ കഴിയുമെന്ന ഒരു റിപ്പോർട്ട് ജനാബ് വി. പി. മുഹമ്മദലി ഹാജി നുഖ്ബ ക്യാമ്പിൽ സമർപ്പിച്ചു. പ്രസ്സിന് 4200 രൂപ വിലവരും. കൊണ്ടുവന്ന് ഫിറ്റ് ചെയ്യുമ്പോഴേക്കും ആകെ 6000 രൂപ വേണ്ടിവരും. അന്നത്തെ അവസ്ഥയിൽ കൈയെത്താ ദൂരത്തുള്ള ഒരു സംഖ്യയായിരുന്നു അത്. 1000 നാളികേരത്തിന് 40 രൂപയും ഒരു പവൻ സ്വർണത്തിന് 15 രൂപയുമാണ് അന്നത്തെ വില.*

*ഒന്നുരണ്ട് ക്യാമ്പുകളിൽ അതേപ്പറ്റി വിശദമായ ചർച്ച നടന്നു. പലമാർഗങ്ങളെപ്പറ്റിയും ചിന്തിച്ചു. ഷെയർ പിരിക്കുന്നതിനെപ്പറ്റിയാണ് കൂടുതൽ ചിന്തിച്ചത്. 100 രൂപ ഷെയറെടുക്കാൻ പറ്റുന്ന 60 വ്യക്തികളെ കണ്ടെത്തണം. അത് ഒരു വൻ ബാധ്യതയായേക്കുമോ എന്ന ആശങ്കയുമുണ്ട്. ആവശ്യപ്പെടുമ്പോൾ സംഖ്യ തിരിച്ചുവാങ്ങി ഷെയർ ഒഴിവാക്കിത്തരുന്ന വ്യക്തികളെയാണ് കിട്ടേണ്ടത്. 'അല്ലാഹുവിന്റെ സഹായത്തിൽ വിശ്വസിച്ചുകൊണ്ട് നമുക്ക് ശ്രമിച്ചു നോക്കാം.' ജനാബ് ഇസ്സുദ്ദീൻ മൗലവിയാണ് അത് പറഞ്ഞത്.*

*ചർച്ചകളെല്ലാം നടന്നുകൊണ്ടിരിക്കുമ്പോൾ, ചിന്താനിമഗ്നനായി ഇരിക്കുകയായിരുന്നു കെ.ഇ. അഹ്മദ് കുട്ടി ഹാജി. ജമാഅത്ത് സ്വീകരിക്കുമെങ്കിൽ 6000 രൂപ ഞാൻ തരാം. അദ്ദേഹമങ്ങ് പ്രഖ്യാപിച്ചു. എല്ലാവരും ഒന്നു ഞെട്ടി. തികച്ചും അപ്രതീക്ഷിതമായിരുന്നു ആ പ്രഖ്യാപനം. പെട്ടന്നാർക്കും അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇന്നത്തെ 60 ലക്ഷത്തിന് അന്നത്തെ 6000 ത്തിന്റെ മൂല്യമില്ല. അത് സമ്പാദിക്കാൻ അന്നത്തെ 6000 സമ്പാദിക്കുന്നതിന്റെ പ്രയാസവുമില്ല. അദ്ദേഹത്തിൽനിന്ന് ആ സംഖ്യ കടമായി സ്വീകരിക്കാൻ ജമാഅത്ത് തീരുമാനിച്ചു. 1953 മാർച്ചിൽ പ്രബോധനം പ്രസ്സിന്റെ ഉദ്ഘാടനവും നടന്നു. പിന്നീട് ആ സംഖ്യ അദ്ദേഹം തിരിച്ചു വാങ്ങിയില്ല. കേരളജമാഅത്തിന്റെ വളർച്ചയിൽ ആ സംഖ്യ വഹിച്ച പങ്ക് അനിഷേധ്യമാണ്. ജമാഅത്തിന്റെ കൈവശമുള്ള സർവ്വ വസ്തുക്കളുടെയും മൂലധനം അതാണെന്നു തന്നെ പറയാം.*

(പള്ളുരുത്തി ഹാജിയെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നതിനിടയിൽ കെ.ടി. അബ്ദുർറഹീം സാഹിബ് ഈ ലേഖകനോടുപറഞ്ഞു: അദ്ദേഹം വലിയ ഭൂസ്വത്തിന്റെ ഉടമയായിരുന്നു. പ്രസ്ഥാനത്തിന് ശാരീരികമായും അതിലുപരി സാമ്പത്തികമായും സേവനം ചെയ്ത മഹദ്‌വ്യക്തിത്വം. *പ്രബോധനം* പ്രസ്സിനായി നൽകിയ 6000 രൂപ മാത്രമല്ല അദ്ദേഹത്തിന്റെ സംഭാവന. വെള്ളിമാടുകുന്ന് ദഅ്‌വാകോളേജ് ബിൽഡിംഗ് സ്ഥിതിചെയ്യുന്ന സ്ഥലം വാങ്ങുവാനായി 6000 രൂപ നൽകിയതും പള്ളുരുത്തി ഹാജിയാണ്. ഇന്നത്തെ 12 കോടിയോളം വിലമതിക്കുന്നതാണ് അന്നത്തെ 12000 രൂപ. ഇന്ന് വെള്ളിമാടുകുന്ന് ദഅ്‌വാ കോളേജ് നിൽക്കുന്നിടത്ത് സ്ഥലം വാങ്ങുന്ന സന്ദർഭത്തിൽ ചെറിയ ചെറിയ വീടുകളായിരുന്നു. കുറച്ചുനാൾ പാവങ്ങൾക്ക് ഒരു ആശ്വാസഗേഹമായിരുന്നു ആ വീടുകൾ. പിന്നീടാണ് അവിടെ ദഅ്‌വാ കോളേജ് പണിയുന്നത്. അദ്ദേഹം 800 രൂപക്ക് വാങ്ങിയ സ്പീക്കർ സെറ്റായിരുന്നു ആദ്യകാലങ്ങളിൽ ജമാഅത്ത് പരിപാടികളിൽ ഉപയോഗിച്ചിരുന്നത്. അല്ലാഹു അദ്ദേഹത്തെ അർഹിക്കുന്ന പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ....)

*രണി* തുടങ്ങിയ പുസ്തകങ്ങൾ പെട്ടിയിൽനിന്ന് പുറത്തെടുക്കാൻ തന്നെ ഏറെ പ്രയാസപ്പെടേണ്ടിവന്നിട്ടുണ്ട്. മൗദൂദിയുടെ പുസ്തങ്ങൾ കാണുമ്പോൾ അവർ കോപിഷ്ടരാകും. കായംകുളം പള്ളിയിലെ ഒരനുഭവം: എന്റെ കോട്ടും പെട്ടിയും കണ്ടപ്പോൾ ഒരു തങ്ങൾ കുട്ടിയായിരിക്കും എന്നാണ് തദ്ദേശവാസികൾ കരുതിയത്. പെട്ടിയിൽ കുറേ പുസ്തകങ്ങൾ ഉണ്ടെന്നു പറഞ്ഞപ്പോൾ താൽപര്യപൂർവ്വം ഒരു താടിക്കാരൻ മുന്നോട്ടു വന്ന് പെട്ടിതുറപ്പിച്ചു. *ഖുതുബാത്താണ്* ആദ്യം പുറത്തെടുത്തത്. അതിൽ മൗദൂദിയുടെ പേരുകണ്ടമാത്രയിൽ അയാൾ ഭീഷണിപ്പെടുത്തി: ഇയാളുടെ പുസ്തകങ്ങൾ ഇവിടെ തുറക്കരുത്. ഉടനെ സ്ഥലം വിടണം. അല്ലെങ്കിൽ........... ?" അധികസമയം അവിടെ നിൽക്കുന്നത് ഉചിതമല്ലെന്നു കണ്ട് ഉടനെ സ്ഥലംവിട്ടു. ടൗണിൽ ഒരു പുസ്തകം കൂടി വിറ്റ് കൊല്ലത്തേക്കു പുറപ്പെട്ടു.

### കൊല്ലത്ത്

കൊല്ലം ടൗണിലെത്തിയപ്പോൾ ചിന്നക്കടയിൽ നേരത്തെ ഒരു ജമാഅത്തെ ഇസ്‌ലാമി രൂപീകരിച്ചതായി അറിയാൻ കഴിഞ്ഞു. ലാഹോറിൽ ജമാഅത്തെ ഇസ്‌ലാമി നിലവിൽ വന്നത് എങ്ങനെയോ അറിഞ്ഞ് ആദർശമോ ലക്ഷ്യമോ മനസ്സിലാക്കുന്നതിനുമുമ്പ് പേരിൽമാത്രം ആകൃഷ്ടരായ ചിലരാണത്രെ ഇങ്ങനെയൊരു ജമാഅത്തെ ഇസ്‌ലാമി രൂപവത്കരിച്ചത്. സാക്ഷാൽ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തകർ അവിടെയെത്തുമ്പോഴേക്കും അവർ രൂപംകൊടുത്ത ജമാഅത്തെ ഇസ്‌ലാമി ഇല്ലാതാവുകയും ചെയ്തിരുന്നു.

കൊല്ലത്ത് തുകൽ കച്ചവടം നടത്തിയിരുന്ന ബുഖാരിസാഹിബുമായി പരിചയപ്പെട്ടു. അദ്ദേഹത്തിന് ഇസ്‌ലാമിക പ്രസ്ഥാനത്തോട് അനുഭാവമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി പള്ളിയിൽ താമസ സൗകര്യം ലഭിച്ചു. കമ്യൂണിസ്റ്റ് അനുഭാവിയായ മാഹിൻ മൗലവി അവിടങ്ങളിൽ വഹാബി പ്രസംഗം നടത്തുന്നുണ്ടായിരുന്നു. പരിചയപ്പെട്ടപ്പോൾ അദ്ദേഹം എന്നോടുചോദിച്ചു: "എന്തിനാണു കുട്ടീ ഈ പെട്ടിയും തൂക്കി നടക്കുന്നത്? വേറെ പണിയൊന്നുമില്ലേ...?" ഒന്നു പുഞ്ചിരിച്ചതല്ലാതെ ഞാനൊന്നും പറഞ്ഞില്ല. ഞങ്ങൾ കുറേ നേരം സംസാരിച്ചു. വിടപറയുമ്പോൾ സമയം കിട്ടിയാൽ വീട്ടിൽ വരാമെന്ന് പറഞ്ഞ് അദ്ദേഹം തിരുവന്തപുരത്തേക്ക് ബസ്സുകയറി.




താഴിക്കാട്ടുകര മോഡൽ ഓർഫനേജിലെ വിദ്യാർഥികൾക്കൊപ്പം ടി.കെ ആലുവ

**ആ കാലത്ത് തെക്കൻ പ്രദേശങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് അധികമാരും കേട്ടിട്ടില്ല. എന്നാൽ മൗദൂദി സാഹിബിനെ പരക്കെ അറിയാമായിരുന്നു. മുസ്‌ലിയാക്കന്മാരുടെ മതപ്രസംഗങ്ങളിലൂടെയാണ് അവർ മൗദൂദിയെ പരിചയപ്പെട്ടത്. ലാഹോറിലെ ദജ്ജാൽ, പുത്തൻനബി തുടങ്ങിയ പരിഹാസ ശകാരങ്ങളോടെയാണ് മൗദൂദി സാഹിബിനെ പരിചയപ്പെടുത്തിക്കൊണ്ടിരുന്നത്.**

### തിരുവനന്തപുരത്ത്

ഏറെ പ്രതീക്ഷയോടെയാണ് തിരുവനന്തപുരത്തെത്തിയത്. അന്ന്(1951) പാളയം പള്ളി തീരെ ചെറുതാണ്. അവിടത്തെ ഇമാമുമായി കുറച്ചുസമയം സംസാരിച്ചു. തമിഴ്നാട്ടുകാരനായിരുന്നു അദ്ദേഹം. ജമാഅത്തിനോട് അനുകൂല നിലപാടായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. അവിടെ വെച്ച് ആദം സേട്ട് എന്നൊരാളെ പരിചയപ്പെട്ടു. ജമാഅത്തിനെ കേട്ടിട്ടുള്ള ആളാണ്. ഒരു പുസ്തകം അദ്ദേഹത്തിനു വിറ്റു. പിന്നീട് വിവിധ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് വിപണനം നടത്തുന്ന എ. മുഹമ്മദ് സാഹിബിന്റെ ബുക് ഡിപ്പോയിൽ ചെന്നു ജമാഅത്തിനെ പരിചയപ്പെടുത്തി.

വള്ളക്കടവിലും പരിസരപ്രദേശങ്ങളിലും നിരവധി മലബാറുകാർ ജോലിചെയ്യുന്നുണ്ടായിരുന്നു. *ഖുതുബാത്ത്* ദജ്ജാലിന്റെ പ്രസിദ്ധീകരണമാണെന്നാണ് അവർ കേട്ടിരുന്നത്. അതൊന്നുമറിയാതിരുന്ന ഞാൻ അവരെ *ഖുതുബാത്തെടുത്ത്* കാണിച്ചു. അവർ ദേഷ്യംകൊണ്ട് വിറച്ചു. ഉടനെ സ്ഥലം വിട്ടില്ലെങ്കിൽ തല്ലി എല്ലൊടിക്കുമെന്നു താക്കീതു ചെയ്തു. ഉടനെ സ്ഥലംവിട്ടു. സിറ്റിയിൽ വന്ന് ഏതാനം പുസ്തകങ്ങൾ കൂടി വിറ്റ് യാത്രതുടർന്നു.

ഡോ. മദനി കോട്ടയത്ത് പ്രസംഗപരമ്പര നടത്തുമെന്നും അവിടെ ചെന്നാൽ പുസ്തകങ്ങൾ വിറ്റുതരാമെന്നും ആലപ്പുഴയിൽ വെച്ച് മുമ്പ് പറഞ്ഞിരുന്നു. ഏതാനം ദിവസം കൂടി തിരുവനന്തപുരം മേഖലയിൽ കറങ്ങിയശേഷം ഏറെ പ്രതീക്ഷയോടെ എം.സി. റോഡ് വഴി കോട്ടയത്തേക്ക് പുറപ്പെട്ടു.

### കോട്ടയത്ത്

കോട്ടയം തിരുനക്കര മൈതാനം. നെടുനീളൻ പന്തൽ നിറയെ തോരണങ്ങൾ. സദസ്സിന്റെ നടുവിലൂടെ മദനി കയറിവരുന്നു. ഞാൻ സ്റ്റേജിന്റെ പുറകിൽനിന്ന് പുരോഗമനവാദിയായ കെ.എം.കെ. മേത്തർക്കും അദ്ദേഹത്തിന്റെ സഹപാഠികൾക്കും പുസ്തകങ്ങൾ പരിചയപ്പെടുത്തുകയായിരുന്നു. ചിലർ എങ്ങനെയോ മൗദൂദിയുടെ പുസ്തകം കാണാനിടയായി. കാട്ടുതീപോലെ ആ വാർത്ത സദസ്സിൽ പടർന്നു. ദജ്ജാൽ ഇവിടെയും ഇറങ്ങിയിട്ടുണ്ട് സൂക്ഷിക്കണം എന്നായി മുന്നറിയിപ്പ്. കമ്മിറ്റിക്കാർ മദനിയെ വിവരമറിയിച്ചു. അദ്ദേഹം ഉടനെ സ്റ്റേജിന്റെ പുറകിലേക്ക് വന്ന് എന്നോടു പറഞ്ഞു: "ഇനിയും ഇവിടെ നിന്നാൽ അപകടമാണ്. പുസ്തകം വിൽക്കാതെ ഉടനെ സ്ഥലം വിട്ടോളൂ. ജനങ്ങൾ ആകെ ഇളകിവശായിരിക്കുന്നു." സാഹചര്യം പ്രതികൂലമാണെന്ന് കണ്ട് സ്ഥലം വിട്ടു. കെ.എം.കെ. മേത്തരുടെ മനസ്സിൽ പ്രസ്ഥാനത്തോട് അനുഭാവമുണ്ടെന്ന് തോന്നിയതിനാൽ അടുത്ത ദിവസം കുമ്മനത്തുപോയി മേത്തർക്ക് ഒരു *ഖുതുബാത്ത്*

കൊടുത്തു. മൂവാറ്റുപുഴ വഴി നാട്ടിലേക്കു മടങ്ങി.

കേരളാ അമീർ വി.പി. മുഹമ്മദലി ഹാജിക്ക് ആദ്യത്തെ സാഹിത്യപ്രചാരണയാത്രയുടെ റിപ്പോർട്ട് സമർപ്പിച്ചു. അദ്ദേഹം സംതൃപ്തനായി.

### മൂവാറ്റുപുഴയിലെ ഹൽഖ

എറണാകുളം ജില്ലയിലെ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലൊന്നാണ് മൂവാറ്റുപുഴ. 1922–'23 കാലഘട്ടത്തിൽ കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ച് രൂപീകൃതമായ മുസ്‌ലിം ഐക്യസംഘത്തിന്റെയും 1951ൽ രൂപീകൃതമായ നദ്‌വത്തുൽ ഇസ്‌ലാഹിയ്യാ സഖ്യത്തിന്റെയും സജീവ പ്രവർത്തന കേന്ദ്രങ്ങളിലൊന്നായിരുന്നു ആ പ്രദേശം. അതിനാൽത്തന്നെ മൂവാറ്റുപുഴയിലെ മുസ്‌ലിംകളിൽ ഭൂരിപക്ഷവും പുരോഗമനാശയങ്ങളോട് ആഭിമഖ്യമുള്ളവരായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾക്കും തുടക്കത്തിൽ ഈ പ്രദേശത്ത് നല്ല സ്വാധീനം ചെലുത്താനായി. ജമാഅത്ത് നേതാക്കളായ ഹാജീസാഹിബ്, ഇസ്സുദ്ദീൻ മൗലവി, കെ.എൻ. അബ്ദുല്ലാ മൗലവി, കെ. മൊയ്തുമൗലവി, ടി. മുഹമ്മദ് സാഹിബ്, എ.കെ. അബ്ദുൽ ഖാദർ മൗലവി, കെ.ടി അബ്ദുർറഹീം, അബ്ദുൽജലാൽ മൗലവി തുടങ്ങിയവരുടെ പഠനാർഹമായ ക്ലാസ്സുകൾക്ക് ആ നാട്ടുകാർക്കിടയിൽ നല്ല സ്വീകാര്യത ലഭിച്ചിരുന്നു.

മൂവാറ്റുപുഴയിൽ ജമാഅത്തിന്റെ ശബ്ദമെത്തുന്നത് ഹാജിസാഹിബിന്റെ പ്രസംഗങ്ങളിലൂടെയാണ്. ആ വാഗ്ധോരണികളിൽ ആകൃഷ്ടരായവർ പിന്നീട് ജമാഅത്തിന്റെ അണിയറ പ്രവർത്തകരായി മാറി. ഹാജീ സാഹിബിന്റെ സാന്നിധ്യത്തിൽ രൂപീകൃതമായ മൂവാറ്റുപുഴ ഹൽഖയിൽ എട്ട് ഹംദർദുകളാണ് ഉണ്ടായിരുന്നത്. എ.പി. മക്കാർ ഹാജി, എ.എ. മക്കാർ ഹാജി, സി.എസ്. ഹമീദ് ഹാജി, കെ.ഇ. മയ്തീൻ, പൈനായി യൂസുഫ്, പി.എം. പരീദ്, പി.എം. ഹസ്സൻ, പി.എം. ഇബ്രാഹീം എന്നിവരായിരുന്നു ഹംദർദുകൾ.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വളർച്ചയുടെ നാഴികക്കല്ലായി മാറിയത് 1967ലെ മൂവാറ്റുപുഴ ഇസ്‌ലാമിക് എഡ്യുക്കേഷൻ ട്രസ്റ്റ് (MIET) രൂപീകരണമായിരുന്നു. മുസ്‌ലിം സ്ത്രീകളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വളർച്ച ലക്ഷ്യം വെച്ചാണ് ട്രസ്റ്റ് രൂപവത്കരിച്ചത്. ഇപ്പോൾ ട്രസ്റ്റിനുകീഴിൽ വനിതാ ഇസ്‌ലാമിയ്യാ കോളേജ്, മദ്‌റസ, പെൺകുട്ടികൾക്കായുള്ള ഓർഫനേജ്, ജുമാമസ്ജിദ്, എൽ.പി സ്കൂൾ&നഴ്സറി തുടങ്ങിയ വിദ്യാഭ്യാസ സാംസ്കാരിക ദീനീ സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു.




**മൂവാറ്റുപുഴയിൽ ജമാഅത്തിന്റെ ശബ്ദമെത്തുന്നത് ഹാജിസാഹിബിന്റെ പ്രസംഗങ്ങളിലൂടെയാണ്. ആ വാഗ്ധോരണികളിൽ ആകൃഷ്ടരായവർ പിന്നീട് ജമാഅത്തിന്റെ അണിയറ പ്രവർത്തകരായി മാറി. ഹാജീ സാഹിബിന്റെ സാന്നിധ്യത്തിൽ രൂപീകൃതമായ മൂവാറ്റുപുഴ ഹൽഖയിൽ എട്ട് ഹംദർദുകളാണ് ഉണ്ടായിരുന്നത്.**

### ആലുവയിലെ സംസ്ഥാന സമ്മേളനം

കേരളാ ജമാഅത്തെ ഇസ്‌ലാമിക്ക് അടിത്തറപാകിയ ഹാജി മുഹമ്മദലി സാഹിബിന്റെ നേതൃത്വത്തിൽ നടന്ന അവസാന സമ്മേളനമെന്ന നിലക്ക് ശ്രദ്ധേയമായിരുന്നു 1957ൽ ആലുവയിൽ നടന്ന ജമാഅത്തെ ഇസ്‌ലാമിയുടെ സംസ്ഥാന സമ്മേളനം. ആലുവ ടൗണിന്റെ തെക്കുഭാഗത്തായി പെരിയാറിന്റെ തീരത്ത് തങ്ങൾകുഞ്ഞു മുസ്‌ലിയാരുടെ കശുവണ്ടിക്കളത്തിൽ വെച്ചായിരുന്നു സമ്മേളനം.

പ്രസ്ഥാനത്തിന് കൂടുതൽ സ്വാധീനമുള്ള മലബാർ മേഖലയിൽനിന്നകന്ന് ഏറെ ദൂരെ സമ്മേളനം നടത്തിയിട്ടും 1955ൽ മലപ്പുറം സമ്മേളനത്തിൽ പങ്കെടുത്തതിന്റെ ഇരട്ടിയോളം ആളുകൾ ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. 2500 പേർക്കിരിക്കാവുന്ന പന്തലാണ് തയാറാക്കിയത്. 1500 പേർ മുഴുസമയ പ്രതിനിധികളായി പങ്കെടുത്തു. രണ്ടായിരത്തിലധികം പേർ പൊതുസമ്മേളനത്തിനെത്തിയിരുന്നു. മദ്രാസ് അമീർ ശൈഖ് അബ്ദുല്ലാ, സയ്യിദ് ഹാമിദ് ഹുസ്സൈൻ തുടങ്ങിയവരായിരുന്നു മുഖ്യാതിഥികൾ. പ്രസ്ഥാനത്തിന്റെ തെക്കൻ കേരളത്തിലെ വളർച്ചക്ക് വളരെയേറെ സഹായകമായിത്തീർന്നു ആലുവാ സമ്മേളനം.

### റമദാൻ മുസ്‌ലിയാർ

പ്രസ്ഥാനപ്രവർത്തനങ്ങളുടെ തിരക്കിലും ദർസ് പഠനത്തിന് ഞാൻ സമയം കണ്ടെത്തിയിരുന്നു. അന്ന് തായിക്കാട്ടുകര മഹല്ലുപള്ളിയിൽ ദർസ്സു നടത്തിയിരുന്നത് അബ്ദുർറഹ്‌മാൻ മുസ്‌ലിയാരാണ്. അദ്ദേഹത്തെ റമദാൻ മുസ്‌ലിയാർ എന്നാണ് വിളിച്ചിരുന്നത്. സമയത്തിന് ഭക്ഷണം കിട്ടാതെ വിഷമിച്ചാലും അദ്ദേഹം ക്ഷമിക്കും. വിശപ്പു കഠിനമാകുമ്പോൾ അയൽപ്പക്കത്തുനിന്ന് കഞ്ഞിവെള്ളം വാങ്ങിക്കുടിക്കും. ചില സന്ദർഭങ്ങളിൽ അസഹ്യമായ വിശപ്പുകൊണ്ട് അദ്ദേഹത്തിന്റെ കണ്ണിൽനിന്ന് കണ്ണീർക്കണങ്ങൾ ഇറ്റുവീഴും. എങ്കിലും ക്ഷമയോടെ സഹിക്കും. അതുകൊണ്ടാണ് റമദാൻ മുസ്‌ലിയാർ എന്ന് പേർ ലഭിച്ചത്. അദ്ദേഹത്തിന് റബ്ബ് സ്വർഗം നൽകി അനുഗ്രഹിക്കട്ടെ.

റമദാൻ മുസ്‌ലിയാരുടെ അടുക്കൽ ദർസിനുപോയിരുന്നത് അദ്ദേഹത്തിന്റെ മക്കളായ മുഹമ്മദാലിയുടെയും ഇബ്രാഹീമിന്റെയും ഒപ്പമായിരുന്നു. അദ്ദേഹത്തിൽനിന്ന് *ജലാലൈനി*യിലെ അൽബഖറഃയുടെ കുറേ ഭാഗങ്ങൾ ഓതിയശേഷം ദർസ് നിർത്തി. ■

(തുടരും)

rashadaluva@gmail.com